## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം. 4120** **24.06.2019-ൽ മറുപടിയ്ക്ക്**

### വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി വി. ഇബ്രാഹിം | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) സ്കൂൾ, കോളേജ് ലൈബ്രറികൾക്ക് ഗ്രന്ഥശാലാസംഘം മുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഗ്രന്ഥശാലാസംഘം വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് ലഭിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) & ബി) | ഗ്രന്ഥശാലാ സംഘം വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുവാൻ കേരളാ പബ്ലിക്ക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്റ്റിലോ/റൂൾസിലോ വ്യവസ്ഥയില്ലാത്തിനാൽ, പ്രസ്തുത ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിക്കുന്നില്ല. |
| സി) സ്കൂൾ, കോളേജ് ലൈബ്രറികൾ വിപുലീകരിക്കാൻ സാംസ്കാരികവകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | സി) | ഇല്ല. വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലാണ് അവ പ്രവർത്തിച്ച് വരുന്നത്. |
| ഡി) വായന പ്രോത്സാഹിപ്പിക്കാൻ വേണ്ടി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | കുട്ടികളിലെ വായനാ ശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാരിലെ സംസ്കാരിക-കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം വിവിധ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളിൽ |

ബോധവൽകരണം നടത്തുന്നുണ്ട്. കൂടാതെ കുട്ടികളുടെ മാസികയായ 'തളിര്' ഉൾപ്പെടെ വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും, 'തളിര്' വരിക്കാർക്കായി 'തളിര് വായനാ മത്സരം' എന്ന പേരിൽ മത്സരവും, 'അക്ഷരയാത്ര' എന്ന പേരിൽ വിവിധ ജില്ലകളിലെ സ്കൂളുകളിൽ വായനാ മത്സരവും കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കാറുണ്ട്.

കൂടാതെ സർവ്വകലാശാല-കോളേജ് വിദ്യാർത്ഥികൾ/ മറ്റ് യുവജന വിഭാഗങ്ങൾ, സമൂഹത്തിൽ പ്രാന്തവത്ക്കരികപ്പെട്ട ജനവിഭാഗങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, തൊഴിലാളികൾ, കർഷകർ, കുടുംബശ്രീ മേഖലയിലേയും/മറ്റ തൊഴിൽ മേഖലകളിലും പണിയെടുക്കുന്ന സ്ത്രീകൾ എന്നിവരുടെ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ.